**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3020** **25-06-2024 - ൽ മറുപടിയ്ക്ക്**

**കൈതപ്പോയിൽ-കോടഞ്ചേരി-അഗസ്ത്യമുഴി റോഡിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഒരു റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ജലവിഭവ വകുപ്പ് കെ.ആർ.എഫ്.ബി.-യ്ക്ക് അടച്ച പണത്തിൽ ബാക്കിയുള്ള തുക മറ്റൊരു റോഡിന്റെ പ്രവൃത്തിക്കായി മാറ്റി നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഒരു സ്കീമിന്റെ കീഴിൽ അടച്ച റോഡ് റെസ്റ്റോറേഷൻ തുക അതേ സ്കീമിന്റെ കീഴിൽ ഉള്ള മറ്റ ഒരു വർക്കിന് വേണ്ടി കൂടി ഉപയോഗിക്കുന്നതിന് ഭരണാനുമതിയിൽ തുക ഉണ്ടെങ്കിൽ തടസ്സം ഇല്ല. വർക്കുകളുടെ പുരോഗതിക്ക് ഗുണകരമാവുന്നതിനുവേണ്ടി നിർവഹണത്തിൽ കാലതാമസം ഒഴിവാക്കാൻ ഇത്തരത്തിൽ അനുമതി കൊടുക്കാറുണ്ട്. |
| (ബി) | പി.എച്ച്. ഡിവിഷൻ അടച്ച തുകയിൽ ബാക്കിയുള്ള സംഖ്യ പ്രോജക്ട് ഡിവിഷന് നൽകരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | പി.എച്ച്. ഡിവിഷൻ, കോഴിക്കോട് ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല . |
| (സി) | കോഴിക്കോട് ജില്ലയിലെ കൈതപ്പോയിൽ-കോടഞ്ചേരി- അഗസ്ത്യമുഴി റോഡിന്റെ പ്രവൃത്തിക്കായി അടച്ചതിലെ ബാലൻസ് തുക, ആർ.ഇ.സി. -കൂടത്തായി റോഡിൽ ജലജീവൻ മിഷന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി അനുമതി നൽകണമെന്ന കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷന്റെ അഭ്യർത്ഥന പ്രകാരം പ്രസ്തുത തുക ഉപയോഗപ്പെടുത്തുന്നതിന് കത്ത് നൽകാൻ പി.എച്ച്. ഡിവിഷന് നിർദ്ദേശം നൽകാമോ? | (സി) | കോഴിക്കോട് ജില്ലയിലെ കൈതപ്പോയിൽ-കോടഞ്ചേരി- അഗസ്ത്യമുഴി റോഡിന്റെ പ്രവൃത്തിക്കായി അടച്ചതിലെ ബാലൻസ് തുക,അതേ പദ്ധതിയിൽ ഉൾപ്പെട്ട KRFB യുടെ പുത്തൂർ- വെളിമണ്ണ, ചാത്തമംഗലം ഓമശ്ശേരി റോഡിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അടവാക്കിയിട്ടുണ്ട്. എന്നാൽ ആർ.ഇ.സി -കൂടത്തായി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് റോഡ് കട്ടിങ് അനുമതിക്ക് വേണ്ടിയുള്ള തുക അടവാക്കണമെന്ന് കാണിച്ച് കോഴിക്കോട് പ്രൊജക്ട് ഡിവിഷൻ ഓഫീസിൽ ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ